(ഡി) ഓരോ ബസ്സിനും ശരാശരി എന്തു വിലയായിട്ടുണ്ട് ;

(ഇ) ഇതിപ്പോൾ എല്ലാ ജില്ലകളിലും പ്രാവർത്തികമാക്കിയിട്ടുണ്ടോ ;

(എഫ്) ഓരോ ജില്ലയിലും ഇപ്രകാരമുള്ള എത്ര ബസ്സ് സർവ്വീസുകൾ ഉണ്ടെന്നേ കാര്യം വിശദമാക്കാമോ ?

ഉത്തരം

(എ) 13.
(ബി) 21.
(സി) ഉണ്ട്.
(ഡി) 2,90,000 രൂപ.
(ഇ) ഇല്ല.
(എഫ്)

തിരുവനന്തപുരം	2
കൊല്ലം	3
ആലപ്പുഴ	ഇല്ല
പത്തനംതിട്ട	ഇല്ല
എറണാകുളം	5
കോട്ടയം	ഇല്ല
പാലക്കാട്	2
തൃശ്ശൂർ	3
കോഴിക്കോട്	2
കണ്ണൂർ	2
കാസർഗോഡ്	2

പഞ്ചവൽസര പദ്ധതികളിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കു വേണ്ടി നീക്കിവെച്ച സംഖ്യ

360. [544] ശ്രീ. കെ കെ. ബാലകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഞ്ചും ആറും പഞ്ചവൽസരപദ്ധതികളിൽ സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി നീക്കിവെച്ച സംഖ്യ എത്ര ;

(ബി) ഇതിൽ ചെലവഴിച്ച സംഖ്യ എത്ര ;

(സി) ചെലവഴിക്കാൻ കഴിയാതെപോയ സംഖ്യ എത്ര ?

ഉത്തരം

(എ) 160.13 കോടി രൂപ.
(ബി) 136.66 കോടി രൂപ.
(സി) 23.47 കോടി രൂപ.

പട്ടിക ജാതിക്കാരുടെ ഉന്നമനത്തിനുവേണ്ടിയുള്ള പ്രത്യേക സാമ്പത്തിക സഹായം

361. [545] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതിക്കാരുടെ ഉന്നമനത്തിനുവേണ്ടി കേന്ദ്രഗവൺമെന്റ് കഴിഞ്ഞ മൂന്നുവർഷങ്ങളിലായി പ്രത്യേക സാമ്പത്തിക സഹായ ഇനത്തിൽ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട് ; അവയിൽ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly